(ബി) & (സി) മുൻകാലങ്ങളിൽ നിന്നും കൂടുതലായി അച്ചടിജോലികൾ സർക്കാരിൽ നിന്നും സ്ഥാപനത്തിന് നൽകിയിട്ടുണ്ട് എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വിഹിതമായി തുകയൊന്നും ഈ സ്ഥാപനത്തിന് വകയിരുത്തിയിട്ടില്ല. ജീവനക്കാരെ പിരിച്ചുവിട്ടതിനെ തുടർന്ന് 1,94,82,294.15 രൂപയുടെ സാമ്പത്തിക ബാദ്ധ്യത സെന്ററിനുണ്ടായിട്ടുണ്ട് എന്നും ഇതിൽ 31-3-2004 വരെ 16,53,890.00 രൂപ സ്ഥാപനത്തിന്റെ ജനറേറ്റഡ് ഫണ്ടിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാർക്ക് നൽകിയിട്ടുണ്ട് എന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി പഠനം നടത്തുവാൻ RIAB-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

യു. ജി. സി. യുടെ സാമ്പത്തിക സഹായം

131 [3657] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്ന് കേരളത്തിലെ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും കഴിഞ്ഞവർഷം ഏതെല്ലാം മേഖലകളിൽ എത്ര കോടി രൂപ വീതമാണ് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യയിലെ പഴക്കംചെന്ന യൂണിവേഴ്സിറ്റികൾക്ക് വിവിധ സ്കീമുകളിൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ യു.ജി.സി. അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സഹായം കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾക്ക് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യു.ജി.സി. യുടെ ധനസഹായം യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും നേരിട്ടാണ് നൽകിവരുന്നത്. അതിനാൽ വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)—(ഡി) പഴക്കംചെന്ന യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും ധനസഹായം ലഭ്യമാക്കുന്ന പദ്ധതികൾ യു.ജി.സി. ക്ക് ഉണ്ട്. യു.ജി.സി. യുടെ ധനസഹായം യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും നേരിട്ടാണ് നൽകി വരുന്നത്. യു.ജി.സി. യുടെ പത്താം പദ്ധതിയിലെ പ്രത്യേക പാക്കേജ് ആയി പരമാവധി സാമ്പത്തിക സഹായം സംസ്ഥാനത്തെ കോളേജുകൾക്ക് ലഭ്യമാക്കുന്നതിന് യു.ജി.സി. ചെയർമാനും വൈസ് ചെയർമാനുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കോളേജുകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായത്തിനുള്ള ശുപാർശ യു.ജി.സി. യുടെ പരിഗണനയ്ക്കായി അയച്ചിട്ടുള്ളതുമാണ്.

സിവിൽ സർവ്വീസ് പരീക്ഷകളിൽ നൂതന പരിശീലന സമ്പ്രദായം നടപ്പാക്കൽ

132 [3658] *ഡോ. എ. നീലലോഹിതദാസൻ നാടാർ:*

ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിന് അനുസൃതമായി സിവിൽ സർവ്വീസ് പരീക്ഷകളിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നതമായ വിജയം കരസ്ഥമാക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പരിശീലന പരിപാടിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ രംഗത്ത് മറ്റ് സംസ്ഥാനങ്ങളിൽ ആവിഷ്ക്കരിച്ച നൂതന പരിശീലന സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly